**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2151** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കേരള അഗ്നിരക്ഷാ & രക്ഷാ സേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്ന നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേരള അഗ്നിരക്ഷാ & രക്ഷാ സേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നൽകിയ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ് അല്ലെങ്കിൽ മോഡൽ, നിർമ്മാണ രാജ്യം, വാങ്ങൽ തുക എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** 15 കോടി രൂപ വിലവരുന്ന ഒരെണ്ണം Bronto Skylift model F 60 RLX എന്ന മോഡൽ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം സപ്ലൈ ചെയ്യുന്നതിനായി FINLAND ആസ്ഥാനമായുള്ള OEM ആയ M/s. BRONTO SKYLIFT OY AB എന്ന സ്ഥാപനത്തിനു സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

**(ബി)** മേൽപ്പറഞ്ഞ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ എക്വിപ്പ്മെന്റ് നിർമ്മാതാവ് (ഒ. ഇ. എം.) ആരായിരുന്നു; ഒ. ഇ. എം. കമ്പനിയുടെ പേര്, ആസ്ഥാനം സ്ഥിതിചെയ്യുന്ന രാജ്യം, വിതരണക്കാരന് ഒ .ഇ. എം. ഔദ്യോഗിക ഡീലർഷിപ്പ് / ആതറൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ തുടങ്ങിയ വിവരങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** FINLAND ആസ്ഥാനമായുള്ള M/s. BRONTO SKYLIFT OY AB TEERIVUORENKATU 28, FI-33300 TAMPERE, FINLAND എന്ന സ്ഥാപനം തന്നെയാണ് OEM.

**(സി)** പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ ആകെ എത്ര ബിഡ്ഡർമാർ പങ്കെടുത്തു; സാങ്കേതികമായി യോഗ്യത നേടിയ ബിഡ്ഡർമാരുടെ എണ്ണം എത്ര, അയോഗ്യരാക്കിയ ബിഡ്ഡർമാർ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** രണ്ടു ബിഡ്ഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡ്ഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**(ഡി)** പ്രസ്തുത ടെണ്ടറിൽ എം/എസ് ബ്രോണ്ടോ സ്കൈലിഫ്റ്റ് ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ അല്ലെങ്കിൽ പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാർ പങ്കെടുത്തു; അവരിൽ എല്ലാവരും

സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കിയ ബിഡ്ഡുകളുടെ കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** രണ്ടു ബിഡ്ഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡ്ഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**(ഇ)** സർക്കാരിന്റെ നിലവിലുള്ള വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, സഹകരണ/ പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ഒരു ഒ. ഇ. എം (ഒറിജിനൽ എക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ; എങ്കിൽ ആയതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/ചട്ടം ഏതാണ്; അനുവദനീയമല്ലെങ്കിൽ പ്രസ്തുത വാങ്ങൽ നടപടിയിൽ ഏതെങ്കിലും ഇളവ് / ഒഴിവാക്കൽ നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കാമോ?

**മറുപടി:** സ്റ്റോർ പർച്ചേസ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ, ഒരു ഒ.ഇ.എം. (ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീ ലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമല്ലെന്ന് പ്രസ്താവിക്കുന്ന പ്രത്യേകമായ വ്യവസ്ഥകളോ നിബന്ധനകളോ നിലവിലില്ല.

**സെക്ഷൻ ഓഫീസർ**